# 5G

## *ഹെഡ്സെറ്റ്*

*-സഖേർ*

ഒരു ട്രെയിൻ യാത്ര. എന്റെ കൂപ്പയിലിരിക്കുന്ന എല്ലാവരും ഹെഡ്സെറ്റ് ധാരികളാണ്. പാട്ട് കേൾക്കുന്നവരുണ്ട്. ഫോണിൽ സംസാരിക്കുന്നവരുണ്ട്. ദോഷം പറഞ്ഞാൽ, ഞങ്ങളെല്ലാവരും താന്താങ്ങളുടെ ലോകത്തിലേക്ക് പിൻവലിഞ്ഞതാണ്. ഗുണം പറഞ്ഞാലോ, ശബ്ദബഹുലമായ ഒരന്തരീക്ഷത്തിൽ ഓരോരുത്തർക്കും കൂടുതൽ വ്യക്തമായി കേൾക്കാനും പറയാനുമൊക്കെ ഹെഡ്സെറ്റ് സഹായിക്കുന്നുണ്ട്. നാട്ടുഭാഷയിൽ പറഞ്ഞാൽ തലയിലിരിക്കുന്ന ഈ കുന്തം സത്യത്തിൽ ക്ലാരിറ്റി വർദ്ധിപ്പിക്കുന്നുണ്ട്. ഈ തലയിലിരുപ്പ് കണ്ടപ്പോൾ ഒരു കൗതുകം തോന്നി. മറ്റൊന്നുമല്ല, ഇക്കാലത്തിന്റെ പൊതുമണ്ഡലങ്ങളിലെ 'ഹെഡ് സെറ്റിംഗ്സു'കളെ (തലതൊട്ടപ്പന്മാർ എന്ന് സ്വന്തം ഭാഷാന്തരം) കുറിച്ചാണ്. തലപ്പത്തിരിക്കുന്നവരുടെ ക്ലാരിറ്റിയില്ലായ്മകളെക്കുറിച്ചുള്ള കഥകളാണ് ഈ സുതാര്യ കേരളത്തിലെ ചാനൽ പാണന്മാർ പാടി നടക്കുന്നതത്രയും. ചുരുക്കത്തിൽ, നിലത്ത് വെച്ചാൽ ചെറിയ ചെറിയ ഉറുമ്പരിക്കും എന്ന് വിചാരിച്ച് നാം തലയിൽവെച്ച് നടക്കുന്നവർ അത്രമേൽ വ്യക്തതയാർന്ന ഒരനുഭവം തരുന്നില്ലല്ലോ എന്ന് നമ്മുടെ കുട്ടികൾക്കിടയിൽ ഒരു കൊച്ചുവർത്തമാനം തുടങ്ങിയിട്ടുണ്ട്. നമ്മുടെ വാക്കുകൾക്ക് നേർമ്മ നഷ്ടമാകുമ്പോളും നാം പറയുന്നത് കേൾക്കേണ്ടതില്ല എന്ന് അവർക്ക് തോന്നി തുടങ്ങുമ്പോഴും അപകടമാണ്. എന്തെന്നോ? വ്യക്തതയില്ലെങ്കിൽ ഹെഡ്സെറ്റ് വലിച്ചെറിയാനുള്ള സാധ്യത കൂടുതലാണ്. ഒരു വഴി നമ്മുടെ മുമ്പിലുണ്ട്. റിപ്പയർ ചെയ്യണം. സ്വയം നന്നാക്കണം എന്നു തന്നെ! ക്ലാരിറ്റി തിരിച്ചു പിടിക്കണം. വ്യക്തമായത് വ്യക്തിത്വം എന്നത് നീ മറന്നിട്ടില്ലല്ലോ സഖേ!

നിയമസഭയിലെ വേദപഠനക്ലാസ്സുകളിൽ പരാമർശിക്കപ്പെടാതെപോയ ഒരു വാക്യമുണ്ട്. അത് പരിശുദ്ധ സഭയുടെ തെരഞ്ഞെടുക്കപ്പെട്ട സമിതികളിലെങ്കിലും ഒരു പാഠ്യവിഷയമാക്കേണ്ടതുണ്ട്. മറ്റൊന്നുമല്ല, 'വിളിക്കപ്പെട്ടവരോ അനേകം; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം!' ഇടവകതല തെരഞ്ഞെടുപ്പുകൾ കഴിഞ്ഞതേയുള്ളൂ! എത്ര ആവേശകരമായിരുന്നു പലതും. 'ജനാധിപത്യ'ത്തിന്റെ മൂർദ്ധന്യതയിൽ 'ദൈവാധിപത്യം' പള്ളി പരിസരങ്ങളിൽ പോലും അന്യമാകുന്നു. ഒരിടത്ത് ചാകാത്തപുഴുവിനെയും കെടാത്തതീയിനെയും ചൊല്ലി അവിശ്വാസികൾ ഭാരപ്പെടുന്നു. മറുവശത്ത്, സത്യവിശ്വാസികളാകട്ടെ ന്യായവിധിയെക്കുറിച്ചൊരു ബോധവുമില്ലാതെ ഭുവനെ തമ്മിൽ വിഴങ്ങുന്നു. സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! പക്ഷേ, യാഗപീഠങ്ങളെ ആശ്രയിക്കുന്നവർ ഇല്ലാതെയാകുന്നു. ബലം നിന്നിലുള്ള മനുഷ്യരൊക്കെ വല്ലാതെ കുറഞ്ഞുപോകുന്നു. അതുകൊണ്ട് തന്നെ സീയോനിലേക്കുള്ള പെരുവഴികൾ മാത്രം ഞങ്ങൾ കാണുന്നില്ല. സ്വന്തവിവേകത്തിൽ മാത്രമൂന്നി ഞങ്ങളുടെ പാതകൾ തെറ്റിപ്പോവുന്നു. മതം രാഷ്ട്രീയത്തിൽ കലരുന്നതിന്റെ ആപൽ സൂചനകൾ കണ്ടുതുടങ്ങുന്നു. എന്നിട്ടും രാഷ്ട്രീയം മതത്തിൽ കലർത്തുന്നതിന്റെ വിപത്ത് അറിയാതെ പോകുന്നു. സഭാ ജീവിതത്തിലെ ഈ തലതിരിവ് ഒരു വല്ലാത്ത ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്.

പള്ളിഭരണത്തെക്കുറിച്ചുള്ള നമ്മുടെ അറിവുകൾ തെറ്റുന്നുണ്ടോ? പോളിംഗ് ദിനത്തെക്കുറിച്ചുള്ള ആർ. കെ. ലക്ഷ്മണിന്റെ കാർട്ടൂൺ ചിത്രത്തെയാണ് ചില പള്ളിതെരഞ്ഞെടുപ്പുകൾ ഓർമ്മിപ്പിച്ചത്. ഇതുവരെയും മൗനം അവലംബിക്കുന്ന ഒരു വലിയ പറ്റം 'കോമൺ മാൻ' സഭയ്ക്കുള്ളിലും ഉണ്ട് നേതാവേ! കാലം മാറിത്തുടങ്ങി. ഡൽഹി ഇപ്പോൾ പഴയ ഡൽഹിയല്ലെന്നു ഓർമ്മിപ്പിച്ചത് വെറും 'ആം ആദ്മി'യാണ് എന്നതും മറക്കാതിരുന്നാൽ നന്ന്. അതേടോ 'തലസ്ഥാന'ത്തിന്റെ കാര്യം തന്നെയാണ് പറഞ്ഞത്!

ഇനി ഹെഡ്സെറ്റ് (തലസ്ഥാനം/തലയിലിരുപ്പ് എന്നിങ്ങനെ വ്യത്യസ്താർത്ഥങ്ങളിൽ ഇവിടെ ഭാഷാന്തരം) നന്നാക്കാം. എല്ലാത്തിന്റെ നടത്തിപ്പിന് ഞാൻ മാത്രമേയുള്ളൂ എന്നാണ് വിചാരം. തിരുത്തണം. ഞാനാണ് എന്റെ ഏരിയായുടെ 'തല' എന്നുള്ള 'ഉലനായകഭാവം' (മെഗലോമാനിയ എന്നൊക്കെ കടുപ്പത്തിൽ പറയാം) മാറണം. പൗലൂസിനെയൊന്ന് കേൾക്കണം (സഭാ പ്രവർത്തനത്തിന്റെ തിരിക്കിനിടയിൽ വി.വേദപുസ്തകം വായിക്കാൻ സമയം കിട്ടിയാൽ). സഭ ക്രിസ്തുവിന്റെ ശരീരമാണ് (1 കൊരി. 12:27). ക്രിസ്തു സഭ എന്ന ശരീരത്തിന്റെ തല ആകുന്നു (കൊലോ. 1:18)എന്നൊക്കെ അപ്പോസ്തോലൻ പഠിപ്പിക്കുന്നു. പൗലോസ് മാർ ഗ്രീഗോറിയോസ് ഇങ്ങനെ വിശദീകരിക്കുനുണ്ട്, "ദൈവം മനുഷ്യനായി ക്രിസ്തുവിൽ അവതരിച്ചതുപോലെ, ഓരോ മനുഷ്യനും

ക്രിസ്തുവിലൂടെ ദൈവാനുരൂപികളായിത്തീരണം, ആയതിനാൽ മനുഷ്യനെ ദൈവീകരിക്കുന്ന പ്രവർത്തനത്തിനെതിരായ ഘടകങ്ങളെ നിർമ്മാർജനം ചെയ്യുകയെന്നതാണ് മതത്തിന്റെ പൊതുവായ ധർമ്മം. ദൈവീകരണത്തിലൂടെ പ്രപഞ്ചത്തിന്റെ മുഴുവൻ താളലയങ്ങളെ സമന്വയിപ്പിച്ച് ദൈവത്തിന്റെ ദൃശ്യമായ പ്രതീകമായി (Icon) അവതരിച്ച് 'യേശു ക്രിസ്തുവിന്റെ' അദൃശ്യ ശരീരത്തിലെ അവയവങ്ങളായി പ്രവർത്തനക്ഷമമാകുമ്പോൾ, ഓരോ മനുഷ്യനും വിശ്വമാനവനായ യേശുക്രിസ്തുവിന്റെ തലയോളം വളർന്നു പൂർണ്ണതയിലേയ്ക്ക് എത്തുന്നു.'' ഇനിയെങ്കിലും തല മറന്ന് എണ്ണ തേയ്ക്കല്ലേ സഖാവേ!

മനുഷ്യാവതാരം ചെയ്ത തമ്പുരാനെ നോക്കുക. തന്റെ ശരീരം സംരക്ഷിക്കാൻ അദ്ദേഹം ശ്രമിക്കുന്നതേയില്ല. കുരിശും പീഢയും ഒഴിവാക്കാൻ ഒരത്ഭുതവും കാട്ടുന്നുമില്ല. അവന്റെ ശരീരത്തിന്റെ ദിനചര്യകളെ ധ്യാനിക്കുക. പ്രാർത്ഥിക്കാൻ പതിവായി മലയിലേക്ക് പോകുന്നു. ജനങ്ങളോട് ദൈവരാജ്യത്തെക്കുറിച്ച് പറയുന്നു. മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുന്നു. നിത്യജീവനിലേക്കുള്ള വഴികൾ തുറക്കുന്നു. അപ്പം നല്കുന്നു. സൗഖ്യം വിതറുന്നു. വലകളിൽ മീനുകൾ നിറയ്ക്കുന്നു.കാണാതെ പോയവ വീണ്ടെടുക്കുന്നതിനെ ഓർമ്മിപ്പിക്കുന്നു. ഒടുക്കം വല്ലാതെ ഒറ്റപ്പെട്ടിട്ടും തന്റെ ശരീരം താൻ വിഭജിച്ചു നൽകുന്നു. ഒത്തിരിയേറെ നുറുക്കപ്പെട്ട് ലോകത്തിന്റെ വിശപ്പുകൾക്ക് ശമനമാകുന്നു. തലയാകുന്ന ക്രിസ്തുവിന്റെ ബോധം നമ്മിൽ മാഞ്ഞുപോവുകയാണോ? കഷ്ടതയും സങ്കടവും പട്ടിണിയും ആപത്തും നഗ്നതയും വാളും നിറഞ്ഞ ഈ ലോകം നമ്മുടെ ചർച്ചകളിൽ വിഷയമാകുന്നില്ല. കൂപമണ്ഡൂകമെന്നോണം ക്രിസ്തുശരീരം സംരക്ഷിക്കാനും അതിനെ നയിക്കാനും നാം ഒരുമ്പെട്ടിറങ്ങുകയാണ്.

പരിശുദ്ധസഭ എന്നത് കേവലം സ്ഥാവരജംഗമവസ്തുക്കളുടെ കണക്കെടുപ്പു സ്ഥലമല്ല; പിന്നെയോ നിത്യജീവനിലേക്ക് മനുഷ്യനെ നയിക്കുന്ന രക്ഷാ സങ്കേതമാണ്. ദൈവം നൽകുന്ന അളവുകളിൽ വ്യത്യാസം കൂടാതെ പണിതില്ലെങ്കിൽ പെട്ടകം മുങ്ങിപ്പോകും. നിശ്ചയം! സഭാ സ്നേഹത്തിന്റെ ദൂരം സ്വന്തം പള്ളിക്കപ്പുറത്തേയ്ക്ക് നീങ്ങാത്തപ്പോഴും പ്രാദേശിക വാദങ്ങൾ ചിന്തകളെ ഞെരുക്കുമ്പോഴും നാം ക്രിസ്തു സ്വഭാവത്തിൽ നിന്നെത്ര അകലെയാവുന്നു. തമ്പുരാന്റെ സ്വഭാവത്തിനു ചേരാത്ത പ്രവൃത്തികൾ കാട്ടുമ്പോൾ, അവന്റെ ശരീരത്തിലെ ഒരു ക്യാൻസർകോശമായി നാം പരിണമിക്കില്ലേ?

ക്രിസ്തുവിന്റെ ചിന്താവേഗം നമ്മുടെ സിരകളെ ത്രസിപ്പിക്കുന്ന കാലത്ത് മാത്രമാവും അവന്റെ ഉടൽപോലെ ഈ ലോകത്തിന് അന്നമായും അഭയമായും വെളിച്ചമായും ഒരിത്തിരി ഉപ്പ് പോലെയെങ്കിലും ആയിത്തീരാൻ നമുക്കാവൂ സഖേ!

മനുഷ്യചരിത്രം കണ്ട ഏറ്റവും വലിയ 'ആം ആദ്മി'യുടെ കഷ്ടാനുഭവങ്ങളുടെ ആചരണം ഒരു മുന്നറിയിപ്പാണ്; തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ദൈവാധിപത്യം മറക്കുന്ന കാലത്തിനു ഒരടയാളമാണ് ആ പരമദരിദ്രന്റെ കുരിശുമരണം. കാരണം ഉയിർത്തെഴുന്നേൽപ്പിന്റെ വാതിലാണത്.

ഇനിയും അവഗണിക്കരുത് ഗതികെട്ടവരെയും ശബ്ദിക്കാത്തവരെയും! ഭയം കൊണ്ടല്ല അവർ മിണ്ടാതിരിക്കുന്നത്. ദൈവമാരെന്ന് നന്നായി അറിയാവുന്നത്കൊണ്ട് തന്നെയാണ് സുഹൃത്തേ!